**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 83** **10-06-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിൽ നടത്തി വരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടത്തി വരുന്ന പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | വടകര – മാഹി കനാൽ - 5th റീച്ച് .<br><br>(i) കരിങ്ങാലിമുക്കിൽ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം<br><br>സിവിൽ പ്രവൃത്തികൾ 70% പൂർത്തിയായിട്ടുണ്ട്. മെക്കാനിക്കൽ പ്രവൃത്തികൾ മെക്കാനിക്കൽ വിംഗ് മുഖേന നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>(ii) കനാൽ ഫോർമേഷൻ പ്രവൃത്തികൾ (ബാലൻസ് വർക്ക്)<br><br>81% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ടി പ്രവൃത്തി ഈ വർഷം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.<br><br>(iii) കറുവയലിൽ സ്റ്റീൽ ഫൂട് ബ്രിഡ്ജ് നിർമ്മാണം.<br><br>70% പുരോഗതിയിലായ ടി പ്രവൃത്തി ഈ വർഷം പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.<br><br>(iv) കേളോത്ത് കണ്ടിതാഴെ സ്റ്റീൽ ഫൂട് ബ്രിഡ്ജ് നിർമ്മാണം.<br><br>നിലവിൽ 90% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഈ വർഷം പ്രവൃത്തി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.<br><br>(v) എടച്ചേരി പഞ്ചായത്തിൽ കച്ചേരിയിൽ ബോട്ട് ജെട്ടി നിർമ്മാണം<br><br>എഗ്രിമെന്റ് വെച്ച് സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്.<br><br>(vi) എടച്ചേരി പഞ്ചായത്തിൽ കായപ്പനിച്ചി ബോട്ട് ജെട്ടി നിർമ്മാണം<br><br>പ്രവൃത്തി പൂർത്തിയായി |

| | | | |
|---|---|---|---|
| (ബി) | ടെണ്ടർ നടപടി പൂർത്തീകരിച്ച കച്ചേരി ബോട്ട് ജെട്ടിയുടെ പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ; | (ബി) | പ്രവൃത്തി എഗ്രിമെന്റ് വെച്ച് 30.12.2023-ന് കരാറുകാരന് കൈമാറിയിട്ടുണ്ട്. കരാറുകാരൻ പ്രവൃത്തികൾ ആരംഭിക്കാത്തതിനാൽ എത്രയും പെട്ടെന്ന് പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എടച്ചേരി ഗ്രാമ പഞ്ചായത്തിലെ കരിങ്ങാലി മുക്ക് ലോക്ക് കം ബ്രിഡ്ജിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ? | (സി) | സിവിൽ പ്രവൃത്തി 70% പൂർത്തിയായിട്ടുണ്ട്. മെക്കാനിക്കൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ